പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1652 | 03.05.2017 ൽ മറുപടി നല്കേണ്ടത്: |
|---|---|

**കുടിവെള്ള വിതരണത്തിനുള്ള മാനദണ്ഡങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സണ്ണി ജോസഫ്**<br>**,, വി.ഡി.സതീശൻ**<br>**,, എ.പി. അനിൽ കുമാർ**<br>**,, എൽദോസ് കുന്നപ്പിള്ളി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കുടിവെള്ള വിതരണത്തിന് ഭക്ഷ്യ സുരക്ഷാ വിഭാഗം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | എ) | 1. ടാങ്കർ ലോറികളിലും, വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 പ്രകാരം ഫുഡ് ബിസിനസ് ഓപ്പറേറ്റർ FBO ലൈസൻസ് എടുത്തിരിക്കണം.<br>2. കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ടി വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരുകൾ ലൈസൻസിൽ കൃത്യമായി രേഖപ്പെടുത്തി പ്രത്യേകം പ്രത്യേകം എടുത്തിരിക്കണം. സ്വന്തമായി വാഹനം ഇല്ലാത്തവരും വാടക വാഹനങ്ങൾക്ക് ലൈസൻസ് എടുത്തിരിക്കണം.<br>3. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും 'Drinking water /കുടിവെള്ളം' എന്ന് വ്യക്തമായി എഴുതി പ്രദർശിപ്പിച്ചിരിക്കണം. മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളമാണെങ്കിൽ 'Not for drinking purpose/ നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള വെള്ളം' എന്ന് വ്യക്തമായി എഴുതിയിരിക്കണം. ഇങ്ങനെ എഴുതാതെ കൊണ്ടു പോകുന്ന വെള്ളം കുടിവെള്ളമായി പരിഗണിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതാണ്.<br>4. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും ലൈസൻസ് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.<br>5. കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിംഗോ മറ്റ് അനുവദനീയ കോട്ടിംഗോ ഉള്ളവയായിരിക്കണം. ടി കോട്ടിംഗ് നടത്താതെ കുടിവെള്ളം വിതരണം ചെയ്യുന്നതിന് നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.<br>6. വാട്ടർ അതോറിറ്റി ഒഴികെയുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് FBO ലൈസൻസ് |

| | | | |
|---|---|---|---|
| | | | ഉണ്ടായിരിക്കണം. ഇത്തരം ലൈസൻസുള്ള കുടിവെള്ള സ്രോതസ്സിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവൂ. കുടിവെള്ള സ്രോതസ്സു കളിലെ ജലം 6 മാസത്തിലൊരിക്കൽ സർക്കാർ ലാബുകളിലോ NABL അക്രഡിറ്റഡ് ലാബുകളിലോ പരിശോധിച്ച് ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കണം.<br>7. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും വാഹനങ്ങളിൽ ഘടിപ്പിച്ച ടാങ്കറുകളിലും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ലൈസൻസ് , കുടിവെള്ളം പരിശോധിച്ച അംഗീകൃത ലാബ് റിപ്പോർട്ട് , കുടിവെള്ള ടാങ്കറിന്റെ ശേഷി, കോട്ടിംഗ് എന്നിവയുടെ തെളിവ് അടങ്ങിയ രേഖകൾ ഉണ്ടായിരിക്കണം. ടി രേഖകൾ ഇല്ലാതെ കുടിവെള്ളം വിതരണം നടത്തിയാൽ ടി വാഹനം പിടിച്ചെടുക്കുന്നതും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്. |
| ബി) | ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം കടിവെള്ളം വിതരണം ചെയ്യുന്നവർക്ക് ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർ (എഫ്. ബി. ഒ.) ലൈസൻസ് നിർബന്ധമാണോ; | ബി) | ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നവർക്ക് ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർ (എഫ് ബി ഒ) ലൈസൻസ് നിർബന്ധമാണ്. |
| സി) | കടിവെള്ള കച്ചവടം നടത്തുന്ന ടാങ്കറുകൾ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ; | സി) | പരിശോധന നടത്താറുണ്ട്. |
| ഡി) | രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ ശുദ്ധമായ കടിവെള്ള വിതരണത്തിന് അനുയോജ്യമായ പരിശോധനകൾ ശക്തമാക്കുമോ? | ഡി) | പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ